# ക്രൈസ്തവവിശ്വാസവും യോഗചര്യയും



കെ.സി.ബി.സി ദൈവശാസ്ത്രകമ്മീഷൻ
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ
പ്രസിദ്ധീകരണം

# മുൻകുറിപ്പ്

ഏതാനും പതിറ്റാണ്ടുകളായി യോഗയെന്ന ശാരീരിക - മാനസിക -ആത്മീയ വ്യായാമത്തിന് പ്രചാരം കൂടിവരികയാണ്. ജീവിതം യന്ത്രവത്കൃതവും നഗരകേന്ദ്രീകൃതവുമായതിന്റെ ഫലമായുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽനിന്ന് മോചനം കിട്ടാൻ യോഗയിലധി ഷ്ഠിതമായ വ്യായാമങ്ങൾ സഹായകരമാണെന്നതാണതിനു കാരണം. 2015-ൽ യുണൈറ്റഡ് നേഷൻസ് (177 അംഗരാജ്യങ്ങളുടെ പിന്തുണയോടെ) ജൂൺ 21 അന്താരാഷ്ട്ര യോഗദിനമായി പ്രഖ്യാപിച്ചതോടുകൂടി ഭാരതത്തിന്റെ പൈതൃകമായി അറിയപ്പെട്ടിരുന്ന യോഗയ്ക്കു ലോകമാസകലം സ്വീകാര്യത വർദ്ധിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ മുഖ്യമായും ഭാരതീയ പാരമ്പര്യം പേറുന്ന യോഗ കത്തോലിക്കർക്കു ചെയ്യാമോ? ചെയ്യാമെങ്കിൽ പാലിക്കേണ്ട മുൻകരുതലു കൾ എന്തെല്ലാം? എന്നീ ചോദ്യങ്ങൾ ഉയർന്നുവരുന്നു. ഈ വിഷയങ്ങളെ ഉൾക്കൊള്ളിച്ച് ദൈവശാസ്ത്രപരവും അജപാലനപരവുമായ നിർദ്ദേശങ്ങളടങ്ങുന്നതും കേരളകത്തോലിക്കർക്കു പൊതുവായി ഉപയോഗിക്കാവുന്നതുമായ ഒരു മാർഗരേഖ രൂപീകരിക്കണമെന്ന അഭിപ്രായമുണ്ടായതിന്റെ വെളിച്ചത്തിലാണ് കെ.സി.ബി.സി. ദൈവശാസ്ത്ര കമ്മീഷൻ ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. ഇത്തു ണത്തിൽ ഈ രേഖ തയ്യാറാക്കുന്നതിന് സഹകരിച്ച ദൈവശാസ്ത്ര കമ്മീ ഷന്റെ വൈസ്ചെയർമാൻമാരായ ബിഷപ് അബ്രാഹം മാർ യൂലിയോസ്, ബിഷപ്പ് മാർ ജോസ് പുത്തൻവീട്ടിൽ എന്നിവർക്ക് സ്നേഹപൂർവം നന്ദി രേഖപ്പെടുത്തുന്നു.

ഈ രേഖ കെ.സി.ബി.സിക്കുവേണ്ടി പരിശോധിച്ച് വിദഗ്ദ്ധ നിർദേശങ്ങൾ നല്കിയ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, ബിഷപ്പ് ജോസഫ് പാംപ്ലാനി, ബിഷപ്പ് അലക്സ് വടക്കുംതല, ബിഷപ്പ് ജെയിംസ്

ആനാപറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് സ്നേഹപൂർവം നന്ദി പറയുന്നു.

ഇത് തയ്യാറാക്കുന്നതിന് നേതൃത്വം നല്കിയ ദൈവശാസ്ത്ര കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും കേരള തിയോളജിക്കൽ അസോസിയേഷൻ അംഗങ്ങൾക്കും പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ടിനും സഹകരിച്ച മറ്റെല്ലാവർക്കും സ്നേഹപൂർവം നന്ദിയർപ്പിക്കുന്നു.

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**

ചെയർമാൻ, കെസിബിസി ദൈവശാസ്ത്ര കമ്മീഷൻ

പാലാരിവട്ടം
ജൂൺ 2019

## 1. ആമുഖം

സർവത്തിനും ആധാരമായ ദൈവവചനം യേശുവിൽ മാംസമായി എന്ന താണല്ലോ ക്രൈസ്തവാദ്ധ്യാത്മികതയുടെ മൗലികാനുഭൂതി (cfr. യോഹ 1:3,14). ഈ അനുഭൂതി ആഴത്തിൽ ഉൾക്കൊള്ളാൻ ഭാരത സംസ്കാരജന്യ മായ യോഗ എത്രമാത്രം സഹായകമാണോ അത്രമാത്രം കത്തോലിക്കർക്ക് അതു സാധനാമാർഗമായി ഉപയോഗിക്കാവുന്നതാണ്. വചനത്തിന്റെ മാംസ വത്കരണത്തിലെ മൂന്നു മാനങ്ങൾ ഈ വിഷയത്തിൽ പ്രധാനമാണ്:

ഒന്ന്: ദൈവം മനുഷ്യനായത് മനുഷ്യനിലെ ദൈവികതയെ ഉണർത്താ നാണ് എന്ന ദർശനം ആദ്യത്തെ അഞ്ഞൂറുവർഷങ്ങളിലെ സഭാപിതാക്ക ന്മാരിൽ ആദ്യന്തം കാണാം. മനുഷ്യനിലെ ദിവ്യവത്കരണം (theosis, divinisation) എന്നാണ് ഈ കൃപാനുഭൂതിയെ അവർ വിശേഷിപ്പിച്ചത്. നമ്മിൽ അന്തർലീനമായിരിക്കുന്ന ദൈവികതയുടെ ഉണർവാണ് വിശ്വാ സത്തിന്റെ കണ്ണുകളാൽ യേശുവിൽ നാം കാണുന്നതെങ്കിൽ “ദൈവികജീ വനിലുള്ള പങ്കുചേരൽ” (2 പത്രോ 1:4) ആണ് ക്രിസ്തുവിലൂടെ സിദ്ധി ക്കുന്ന രക്ഷ. ക്രിസ്തുവുമായുള്ള ലയനാനുഭവമായി ക്രൈസ്തവ മിസ്റ്റിക് ആചാര്യന്മാർ ഇതിനെ വ്യാഖ്യാനിക്കും. മതജന്യമായ വ്യാഖ്യാനങ്ങളിൽ വൈജാത്യങ്ങൾ ഉണ്ടെങ്കിലും നമ്മിലെ ദൈവികതയെ സാക്ഷാത്കരി ക്കാൻ യോഗസാധന എന്തുമാത്രം സഹായകമാകും എന്ന് പക്വതയോടെ വിവേചിച്ചറിയേണ്ടതുണ്ട്.

രണ്ട്: ദൈവം നമ്മിലേക്കു വന്നത് ശരീരത്തിലൂടെ ആണെങ്കിൽ ശരീര ത്തിലൂടെ വേണമല്ലോ നാം ദൈവത്തിലേക്കണയേണ്ടത്. ശരീരം ദിവ്യ മായ ഇടമാണ്, “ദൈവാത്മാവിന്റെ ആലയമാണ്” (1 കോറി 6:19). ശരീര ത്തെയും ശരീരവുമായി ബന്ധപ്പെട്ട ഭൗതിക പ്രകൃതിയെയും പാവനമായി കാണുന്നതും ആദരിക്കുന്നതും ക്രൈസ്തവാദ്ധ്യാത്മികതയുടെ അടിസ്ഥാ നസ്വഭാവമാണ്. ശാരീരികവും മാനസികവും ആത്മീയവുമായ ഘടകങ്ങ ളുടെ സന്തുലിതാവസ്ഥയാണല്ലോ യോഗസാധനയുടെയും വിഷയം.

മൂന്ന്: എല്ലാറ്റിനും ജീവനും മനുഷ്യർക്കു വെളിച്ചവുമായ വചനമാണ് (cfr. യോഹ 1:4) യേശുവിൽ പ്രകാശിതമായത്. യേശുവിലുള്ള ആത്മസമർപ്പണം എല്ലാറ്റിനെയും ആദരിക്കുന്ന, എല്ലാ മനുഷ്യരെയും സ്നേഹിക്കുന്ന,

വളർത്തുന്ന മനോഭാവത്തിലേക്കാണു നയിക്കുന്നത്. മുന്തിരിച്ചെടിയിലെ ശാഖകൾപോലെ പരസ്പരം ആഴത്തിൽ ബന്ധപ്പെട്ടവരാണ് നാമെല്ലാം. ക്രിസ്തുനാഥനാകുന്ന തായ്ത്തണ്ടിലൂടെ ദിവ്യാത്മാവിന്റെ ജീവരസത്താൽ പരിപോഷിതരാണു നമ്മൾ.

ക്രിസ്താനുഭൂതിയിൽ ആഴപ്പെട്ടും ദൈവാത്മാവിന്റെ പ്രവർത്തനമേഖല കളുടെ വിശാലതയിലേക്ക് മനസ്സുതുറന്നും പക്വതയോടെ നടത്തേണ്ട ഈ ആത്മീയാന്വേഷണത്തിൽ സഹായകമാകാവുന്ന ചില മാർഗനിർദേശങ്ങൾ മാത്രമാണ് ഇവിടെ നല്കുന്നത്.

**പ്രാരംഭം**

യോഗ എന്ന പദത്തിന് ഒട്ടനവധി അർത്ഥങ്ങൾ ഉണ്ടെന്നാണ് പണ്ഡി തരുടെ അഭിപ്രായം.[1] എങ്കിലും പദോത്പത്തിപരമായ അർത്ഥത്തിലാണ് സാമാന്യമായി ഈ വാക്ക് ഉപയോഗിക്കപ്പെടുന്നത്. യുജ് (*yuj*) എന്ന സംസ്കൃത ധാതുവിൽനിന്ന് ഉദ്ഭവിക്കുന്ന ഈ വാക്കിന് യോജിപ്പിക്കുക എന്നാണ് അർത്ഥം. ഈ രേഖയിൽ യോഗ എന്നതുകൊണ്ട് വിവക്ഷിക്കു ന്നത് ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉന്നമനത്തിനു വേണ്ടി ലോകമാകെ അഭ്യസിച്ചുവരുന്ന സാധനയെയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിവരെ യോഗയെ ആര്യമതവുമായി ബന്ധപ്പെടുത്തിയാണ് മനസ്സിലാക്കിയിരുന്നത്. എന്നാൽ 1920മുതൽ ഹാരപ്പ-മോഹൻജദാരൊ എന്നിവിടങ്ങളിൽ നടത്തിയ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ, ഇന്ന് നിലവിലിരിക്കുന്ന പുരാതന ഭാരതീയ മതങ്ങളായ ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നിവയുടെ വിശ്വാസങ്ങളും അനു ഷ്ഠാനങ്ങളും രൂപപ്പെടുന്നതിനുമുമ്പുതന്നെ യോഗവ്യവസ്ഥ പ്രചാരത്തി ലുണ്ടായിരുന്നെന്ന നിഗമനത്തിലേക്ക് പണ്ഡിതലോകം എത്തിച്ചേർന്നു. അതിനുകാരണം സിന്ധുനദീതടപ്രദേശത്തുനിന്ന് കണ്ടെടുത്ത ഫലകങ്ങ ളിലുള്ള യോഗമുദ്രകളാണ്. ഫലകങ്ങളിലുള്ള രൂപങ്ങൾ ആരാധനാമൂർത്തീ കളുടേതാണോ, ആണെങ്കിൽ അവ ആരുടേതാണ് എന്നീ വിഷയങ്ങളിൽ തർക്കങ്ങൾ ഉണ്ടെങ്കിലും അതിലെ മുദ്രകൾ പില്ക്കാലത്ത് പതഞ്ജലി

ചിട്ടപ്പെടുത്തിയ യോഗാസൂത്രത്തിലെ യോഗാസനങ്ങളോട് സാമ്യമുള്ള തിനാൽ യോഗവ്യവസ്ഥയ്ക്ക് സിന്ധുനദീതട സംസ്കാരത്തോളമോ അതി ലേറെയോ പഴക്കമുണ്ടെന്ന് പണ്ഡിതന്മാർ ഒരുപോലെ സമ്മതിക്കുന്നു. ഇന്ന് നിലവിലുള്ള പുരാതനങ്ങളായ വ്യവസ്ഥാപിത മതങ്ങളൊന്നും സിന്ധുനദീതടസംസ്കാരകാലത്ത് ഉണ്ടായിരുന്നതിന് തെളിവില്ലാത്തതു കൊണ്ടാണ് യോഗയ്ക്ക് അവയെക്കാളും പഴക്കമുണ്ടെന്ന് പണ്ഡിതർ അനു മാനിക്കുന്നത്.[2]

ഈ പുരാതന യോഗചര്യ പിന്നീട് ഭാരതത്തിൽ ശക്തി പ്രാപിച്ച വ്യവസ്ഥാപിത മതങ്ങളുടെ സ്വാധീനത്തിൽപ്പെട്ട് മതാത്മകമായി വളർന്നു. ആര്യന്മാരുടെ സാന്നിധ്യം പ്രബലമായി അനുഭവപ്പെടാൻ തുടങ്ങിയകാല ത്ത് (ca BC 1600-1400) വേദകൃതികളിൽ യോഗയെക്കുറിച്ചുള്ള പരാമർശ ങ്ങൾ കടന്നുവരുന്നത് ഇതിനുദാഹരണമാണ്. ഭഗവത്ഗീതപോലുള്ള ജന കീയ ഹൈന്ദവ ആത്മീയഗ്രന്ഥങ്ങളിലും യോഗ വിശദമായ വിചിന്തന ത്തിന് വിധേയമാകുന്നുണ്ട്. ബുദ്ധമതത്തിൽ പ്രധാനമായും ധ്യാന സഹായിയായിട്ടാണ് യോഗ പരിശീലിപ്പിക്കപ്പെടുന്നത്. പ്രബോധോദയ ത്തിലേക്കും നിർവാണാവസ്ഥയിലേക്കുമുള്ള പ്രവേശം യോഗാധ്യാനം സുഗമമാക്കുന്നു. ജൈനമതത്തിലാകട്ടെ, ആത്മസാക്ഷാത്കാരത്തിനും ആത്മരക്ഷയ്ക്കുമുള്ള എളുപ്പമാർഗമാണ് യോഗ. ആശാപാശങ്ങളിൽനിന്ന് വിടുതൽ പ്രാപിച്ച് ആത്മാവ് സ്വതന്ത്രവും ശുദ്ധവുമായിത്തീരാൻ ജൈനമതക്കാർ യോഗ പരിശീലിക്കുന്നു. ഭാരതീയ മതങ്ങൾ ഇവ്വിധം യോഗയെ ഉപയോഗിക്കാനും വ്യഖ്യാനിക്കാനും തുടങ്ങിയതോടെ യോഗയ്ക്ക് ഹൈന്ദവ-ബുദ്ധ-ജൈന മാനങ്ങൾ കൈവന്നു.

ഇങ്ങനെ മതാത്മകമായി പ്രചരിച്ചുതുടങ്ങിയ യോഗയെ താത്ത്വികമായ വ്യാഖ്യാനം നല്കി ശാസ്ത്രീയമായി വീണ്ടെടുത്ത് സാർവത്രികസ്വഭാവ മുള്ള ഒരു സമഗ്ര ആത്മീയ പരിശീലനപദ്ധതിയായി പുനരവതരിപ്പിച്ചത് പതഞ്ജലി മഹർഷിയാണ്. ബി. സി. അഞ്ചാം നൂറ്റാണ്ടിനുശേഷമാണ് പതഞ്ജലിയുടെ യോഗസൂത്രം രചിക്കപ്പെട്ടതെന്ന് ഗവേഷകർ കരുതുന്നു. യോഗയെ ഒരു സമഗ്ര തത്ത്വശാസ്ത്രമായി പുനരവതരിപ്പിച്ചപ്പോൾ, പത ഞ്ജലി തന്റെ ശാസ്ത്രീയ വ്യാഖ്യാനത്തിന് അടിത്തറയായി സ്വീകരിച്ചത്

അതിനോടകം പ്രബലമായിരുന്ന വേദ-ബുദ്ധ-ജൈന ദർശനങ്ങളായിരുന്നില്ല; മറിച്ച്, അനാര്യന്മാരായ ആദിമ ഭാരതീയരുടെ ചിന്തകളിൽനിന്ന് ഉദ്ഭവിച്ചതെന്ന് ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്ന സാംഖ്യദർശനത്തെയാണ്. ഉണ്ടായിട്ടുള്ള സർവതും ഉണ്ടാകുന്നതിനുമുമ്പ് പ്രകൃതി, പുരുഷൻ എന്നീ രണ്ട് അടിസ്ഥാനതത്ത്വങ്ങൾ മാത്രമാണ് ഉണ്ടായിരുന്നതെന്നും, പ്രകൃതിയുടെ പരിണാമത്തിൽനിന്നാണ് പ്രപഞ്ചത്തിലെ ഭൗതികവും മാനസികവുമായ എല്ലാ പ്രതിഭാസങ്ങളും ഉണ്ടായതെന്നും സാംഖ്യദർശനം പ്രഖ്യാപിക്കുന്നു. സാംഖ്യത്തിന്റെ ഈ താത്ത്വിക നിലപാടുകളാണ് പതഞ്ജലിയുടെ യോഗദർശനത്തിന്റെ അടിസ്ഥാനം.[3]

മതങ്ങൾക്ക് അതീതമായ ഒരു സമഗ്ര മനശ്ശാസ്ത്രമോ ആദ്ധ്യാത്മിക ശാസ്ത്രമോ ആയിട്ടാണ് യോഗയെ സ്ഥാപിച്ചതെങ്കിലും മതാനുയായികൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കുന്ന വിധത്തിലാണ് യോഗയെ പതഞ്ജലി പുനഃക്രമീകരിച്ചത്. അതുകൊണ്ടാണ് സാംഖ്യ-യോഗ ദർശനങ്ങളിൽ അപ്രസക്തമായ ഈശ്വരൻ എന്ന ആശയത്തെ യോഗയുടെ പ്രായോഗികപടവുകളിൽ രണ്ടാമത്തെ നിയമത്തിലെ അഞ്ചാമത്തെ ഇനമായ ഈശ്വരപ്രണിധാനത്തിൽ എടുത്തുപറയുന്നത്.[4] ആത്മീയ യാഥാർത്ഥ്യങ്ങളെയും അനുഭവങ്ങളെയും അംഗീകരിക്കുമ്പോഴും സ്രഷ്ടാവും പരിപാലകനും ജീവിതലക്ഷ്യവുമായ ഈശ്വരൻ എന്ന സങ്കല്പം യോഗവ്യവസ്ഥിതിയിൽ ഇല്ല. ഇവിടെ ഈശ്വരൻ വൈരുദ്ധ്യങ്ങളാൽ ബാധിതനാകാത്ത വിശേഷ പുരുഷനോ, ശ്രേഷ്ഠനായ ഗുരുവോ ആണ്.[5] ഈശ്വരപ്രണിധാനത്തിലെ ഈശ്വരൻ സാധകന്റെ ഇഷ്ടദൈവമാണ്. എന്നാൽ ത്രിത്വൈകദൈവത്തിലും മാംസം ധരിച്ച ദൈവത്തിലെ രണ്ടാമാളായ പുത്രൻ തമ്പുരാനിലും വിശ്വസിക്കുന്ന ക്രൈസ്തവർക്ക് ഇത് യേശുക്രിസ്തുവല്ലാതെ മറ്റൊരാളല്ല.

പല തരത്തിലുള്ള യോഗകളുണ്ട്: പതഞ്ജലി ചിട്ടപ്പെടുത്തിയ അഷ്ടാംഗയോഗയാണ് അതിൽ പ്രഥമമായത്. മനുഷ്യാത്മാവിനെ പരമാത്മാവുമായി ഒന്നിപ്പിക്കാൻ പതഞ്ജലിയോഗ എട്ടു മാർഗങ്ങളാണ് നിർദേശിക്കുന്നത്. "യമ, നിയമ, ആസന, പ്രാണായാമ, പ്രത്യാഹാര, ധാരണ, ധ്യാന, സമാധി" എന്നിവയാണവ. മുകളിൽ സൂചിപ്പിച്ചതുപോലെ സാംഖ്യദർശ

നത്തിന്റെ അടിത്തറയിൽ രൂപപ്പെടുത്തിയതിനാൽ താരതമേന്യ മതനിരപേക്ഷമാണ് അഷ്ടാംഗയോഗ. പിന്നീട് വിവിധ മതങ്ങളും ആത്മീയ പ്രസ്ഥാനങ്ങളും അവരുടേതായ ആവശ്യങ്ങൾക്കുവേണ്ടി മതാത്മക പരിവേഷമുള്ള പലയിനം യോഗാവ്യവസ്ഥകൾ ക്രമപ്പെടുത്തുകയുണ്ടായി. അങ്ങനെ സഹജയോഗ, കുണ്ഡലിനിയോഗ, ക്രിയയോഗ എന്നിങ്ങനെ ഒട്ടനവധി യോഗകൾ ഉടലെടുത്തു. ഇവ (സഹ-കുണ്ഡലിനി-ക്രിയ യോഗകൾ) ഇതരമത സങ്കല്പങ്ങളുമായി ഏറെ കൂടിക്കുഴഞ്ഞ് കിടക്കുന്നതിനാൽ അവയെ ക്രിസ്തീയ ആത്മീയതയുമായി ബന്ധിപ്പിക്കുക ക്ലേശകരമായിരിക്കും.

## 2. യോഗ: ക്രൈസ്തവ വീക്ഷണത്തിൽ

യോഗയുടെ ഉത്ഭവം മതനിരപേക്ഷമായിരുന്നെങ്കിലും വ്യത്യസ്ത മത വിശ്വാസികൾ അവ അനുഷ്ഠിച്ചപ്പോൾ യോഗയ്ക്ക് ഹൈന്ദവ-ബുദ്ധ-ജൈന വ്യവസ്ഥിതികളുണ്ടായെന്ന് പറഞ്ഞല്ലോ. യോഗ അനുഷ്ഠിക്കുന്ന വ്യക്തി ക്രിസ്ത്യാനിയായതുകൊണ്ടുമാത്രം അത് ക്രിസ്തീയ യോഗയായിത്തീരുന്നില്ല. എന്നാൽ അത് ക്രിസ്തീയ കാഴ്ചപ്പാടിലൂടെയുമാകാം. ഉദാഹരണത്തിന്, ശാസ്ത്രീയ സംഗീതവും ശാസ്ത്രീയ നൃത്തവും എങ്ങനെ ക്രിസ്തു കേന്ദ്രീകൃതമാക്കാമോ അതുപോലെ യോഗയും ക്രിസ്തു കേന്ദ്രീകൃതമാക്കാവുന്നതാണ്.

ആദിമസഭാപിതാക്കന്മാരും മരുഭൂമിയിലെ മിസ്റ്റിക്കുകളും ദൈവസായൂജ്യത്തിലെത്താനുള്ള മാർഗങ്ങളായി മനനവും ധ്യാനവും ഉപയോഗിച്ചിരുന്നെങ്കിലും ക്രൈസ്തവലോകം യോഗസൂത്രത്തിലെ അനുഷ്ഠാനങ്ങളുമായി നേരിട്ട് ബന്ധത്തിലാവുന്നത് പാശ്ചാത്യ-പൗരസ്ത്യ ആത്മീയ പാരമ്പര്യങ്ങൾ തമ്മിലുള്ള സംഭാഷണത്തിന് ആരംഭംകുറിച്ച റോബർട്ട് ഡി നൊബിലിയുടെ (1577-1656) വരവോടെയാണ്. അദ്ദേഹത്തിന്റെ പാതതുടർന്ന് ഹിന്ദുമതത്തിൽ ജനിച്ച് പിന്നീട് ക്രിസ്തീയവിശ്വാസത്തെ മനസ്സാ വരിച്ച ബ്രഹ്മബാന്ധാവ് ഉപാധ്യായയും (Brahmabandhav Upadhyaya), പത്തൊൻപത്-ഇരുപത് നൂറ്റാണ്ടുകളിൽ ഭാരതത്തിലെത്തിയ ഫ്രഞ്ച് മിഷണറിമാരായ ജൂലസ് മൊഷാനിനും (Jules Monchanin) ഹെൻട്രി ല് സ്സോയും (Henri Le Saux) ബ്രിട്ടീഷുകാരായ

ബീഡ് ഗ്രിഫിത്ത്സും (Bede Griffiths) സാറാ ഗ്രാന്റും (Sara Grant) ബൽജിയം സ്വദേശിയായ ഫ്രാൻസിസ് ആചാര്യയും (François Mahieu) പാർസിമതത്തിൽനിന്ന് ക്രിസ്തീയവിശ്വാസത്തിലേക്കു വന്ന സിസ്റ്റർ വന്ദനയും (Sr. Vandana) ക്രിസ്തീയ ധ്യാനത്തിൽ യോഗയുടെ അനുഷ്ഠാനങ്ങളെ പ്രയോജനപ്പെടുത്തിയവരാണ്.

ഇതരമതങ്ങളിലെ മൂല്യങ്ങളെ തുറന്ന മനസ്സോടെ സമീപിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമിപ്പിക്കുന്നു. കൗൺസിലിന്റെ "അക്രൈസ്തവമതങ്ങൾ" എന്ന രേഖ പറയുന്നു: "ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല. മറ്റ് മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണ് നിരീക്ഷിക്കുന്നത്. കാരണം സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന ആ സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ട്" (അക്രൈസ്തവ മതങ്ങൾ, 2). ക്രൈസ്തവർ ഇതര മതസ്ഥരോട് ഉത്തമബന്ധത്തിൽ ജീവിക്കണം എന്നു മാത്രമല്ല അവരിലെ ആധ്യാത്മികവും സാംസ്കാരികവുമായ മൂല്യങ്ങൾ പരിരക്ഷിക്കണമെന്നും രേഖ പഠിപ്പിക്കുന്നുണ്ട്: "ഇതര മതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടുംകൂടി വിശ്വാസത്തിനും ക്രിസ്തീയ ജീവിതത്തിനും സാക്ഷ്യംവഹിച്ചുകൊണ്ട് സംഭാഷണത്തിലും സഹകരണത്തിലും ഏർപ്പെടാൻ തിരുസഭ സന്താനങ്ങളെ ഉത്തേജിപ്പിക്കുകയാണ്. അവരിൽ ദൃശ്യമാകുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ച് പരിരക്ഷിക്കുകയും അഭിവൃദ്ധമാക്കുകയും ചെയ്യണമെന്ന് സഭ ഉദ്ബോധിപ്പിക്കുന്നു" (അക്രൈസ്തവ മതങ്ങൾ, 2).

വത്തിക്കാൻ കൗൺസിലിലെ പിതാക്കന്മാർ ഇപ്രകാരം ഇതര മതങ്ങളോട് ഭാവാത്മകമായ സമീപനം പുലർത്തിയതിന് ആധാരമായിരിക്കുന്നത് വചനത്തിന്റെ ദൈവശാസ്ത്രമാണ് (Logos theology). വചനത്തിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത്, ആ വചനം ക്രിസ്തുവാണ്

(cfr.യോഹ 1,1-4) എന്ന യോഹന്നാന്റെ സുവിശേഷ ഭാഗത്തെ അടിസ്ഥാനമാക്കി സഭാപിതാവും രക്തസാക്ഷിയുമായ വിശുദ്ധ ജസ്റ്റിൻ (Justin, 100-165 AD) ആണ് ഈ ദൈവശാസ്ത്രശാഖയ്ക്കു തുടക്കമിട്ടത്.[6] കത്തോലിക്കാ ദൈവശാസ്ത്രജ്ഞർ (ഒരിജൻ മുതൽ സെന്റ് തോമസ് അക്വീനാസും കാൾ റാണറും ഉൾപ്പെടെ) ഇന്നും സഭയിൽ അനുധാവനം ചെയ്യുന്ന ചിന്താപദ്ധതിയാണ് വചനത്തിന്റെ ദൈവശാസ്ത്രം.

പാശ്ചാത്യ-പൗരസ്ത്യ സംസ്കാരങ്ങളോട് സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞരും പുലർത്തിയ നിലപാട് പിൻതുടർന്നാണ് ഇന്ത്യയിൽ യോഗയിലെ അനുഷ്ഠാനങ്ങൾ ക്രിസ്തീയ ധ്യാനത്തിൽ ഉൾപ്പെടുത്തിയവർ പ്രവർത്തിച്ചത്. ഇന്ന് ധ്യാനത്തിനും ആത്മസമർപ്പണത്തിനുമായി യോഗയുടെ മാർഗങ്ങൾ ക്രിസ്തീയമായി പരിശീലിക്കുന്നവരിൽ സഭാശുശ്രൂഷയുടെ വിവിധ ശ്രേണികളിൽപ്പെടുന്നവരുണ്ട്. ഇതര സംസ്കാരങ്ങളിൽ കുടികൊള്ളുന്ന വചനത്തിന്റെ വിത്തുകളിൽ പറ്റിച്ചേർന്നിട്ടുള്ള സുവിശേഷാത്മകമല്ലാത്ത ഘടകങ്ങളെ ശുദ്ധീകരിച്ച് ക്രിസ്തീയ വിശ്വാസത്തിനനുസൃതമായ അർത്ഥങ്ങളോടെ യോഗ അനുഷ്ഠിക്കുന്നതിനാണ് ഇവർ ശ്രമിച്ചത്. ക്രിസ്തുവിന്റെ അനന്യത, ക്രിസ്തുമതത്തിന്റെ അതുല്യത എന്നിവ ഊട്ടിയുറപ്പിക്കാനും ഇതരമതങ്ങളോടുള്ള മനോഭാവത്തിൽ സഭയിലുണ്ടായിട്ടുള്ള പോരായ്മകളെ തിരുത്താനുമായി വിശ്വാസ തിരുസംഘം 2000-ൽ പ്രസിദ്ധീകരിച്ച "കർത്താവായ യേശു" (Dominus Iesus) എന്ന രേഖ പറയുന്നത് ശ്രദ്ധിക്കുക: "എല്ലാ ജനതകളെയും തന്നിലേക്കു വിളിക്കാനും തന്റെ വെളിപാടിന്റെ പൂർണതയും സ്നേഹവും അവർക്കു നൽകാനും ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ട് അവിടുന്ന് വിവിധരീതികളിൽ, വ്യക്തികളിൽ മാത്രമല്ല സമൂഹങ്ങളിലും, സന്നിഹിതനാകാതിരിക്കുന്നില്ല. അവരുടെ ആദ്ധ്യാത്മികസമ്പന്നതയിലൂടെയാണ് അവിടുന്ന് സന്നിഹിതനാകുന്നത്. ഈ ആദ്ധ്യാത്മികസമ്പന്നതയുടെ സുപ്രധാനവും സത്താപരവുമായ പ്രകാശനമാണ് തെറ്റുകളും കുറവുകളും ഉണ്ടെങ്കിൽപ്പോലും അവരുടെ മതങ്ങൾ" (കർത്താവായ യേശു, 8).

സഭയുടെ ചരിത്രം പരിശോധിച്ചാൽ ഇന്ന് നാം അനുഷ്ഠിക്കുന്ന ചില ആചാരങ്ങൾ ഇതരമതങ്ങളുടെ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ടതാണെന്നു കാണാം. ഉദാഹരണമായി ഉപവാസം, ധ്യാനരീതികൾ, നാമജപം, വിശുദ്ധദിനങ്ങൾ തുടങ്ങിയവയെ സംബന്ധിക്കുന്ന ക്രിസ്തീയ ആചാരങ്ങൾക്ക് ഇതരമതവിശ്വാസങ്ങളുമായി സാമ്യമുണ്ട്. അന്യമതവിശ്വാസി അനുഷ്ഠിക്കുന്ന കാര്യമാകയാൽ ക്രിസ്തീയവിശ്വാസിക്ക് യോഗ വർജ്യമായിരിക്കണം എന്ന ചിന്ത ആവശ്യമില്ല. യോഗയിലെ ബാഹ്യമായ ശാരീരിക ആസനങ്ങൾ അവയിൽത്തന്നെ മതബന്ധമല്ല. വിദഗ്ധരുടെ മാർഗനിർദേശങ്ങൾക്കനുസൃതമായി ശാരീരിക ആസനങ്ങളും ശ്വസനതാളങ്ങളും അനുഷ്ഠിക്കുന്നത് ശാരീരികമാനസിക രോഗങ്ങൾക്കുള്ള ഫലപ്രദമായ ചികിത്സാമാർഗങ്ങൾ കൂടിയാണ്. 1989 ഒക്ടോബർ 15-ന് വത്തിക്കാന്റെ വിശ്വാസകാര്യാലയം പുറത്തിറക്കിയ Some Aspects of Christian Meditation എന്ന രേഖയും ഈ യാഥാർത്ഥ്യം ചൂണ്ടിക്കാട്ടുന്നുണ്ട്: "ചില ശാരീരിക വ്യായാമമുറകൾക്ക് ശരീരത്തിൽ ശാന്തതയുടെയും സമാധാനത്തിന്റെയും അനുഭവങ്ങൾ രൂപപ്പെടുത്താനുള്ള സ്വാഭാവികമായ കഴിവുണ്ട്. ഇവയിൽ സന്തോഷകരമായ വികാരങ്ങളും ഭാരക്കുറവിന്റെയും ഊഷ്മളതയുടെയും ഉണർവിന്റെയും അനുഭവങ്ങളും ഉൾപ്പെടാം."[7]

### 3. യോഗ: സമീപകാല പ്രബോധനങ്ങളിൽ

സമീപകാലത്ത് ചില പൊന്തിഫിക്കൽ കൗൺസിലുകളും കോൺഗ്രിഗേഷനുകളും പ്രസിദ്ധീകരിച്ച രേഖകൾ, കൃത്യമായിപ്പറഞ്ഞാൽ, വിശ്വാസ തിരുസംഘം (Congregation for the Doctrine of Faith) പുറപ്പെടുവിച്ച Letter to the Bishops of the Catholic Church on Some Aspects of Christian Meditation (15 October 1989), Pontifical Council for Culture, Pontifical Council for Inter Religious Dialogue എന്നീ കമ്മീഷനുകൾ പുറപ്പെടുവിച്ച Jesus Christ the Bearer of the Water of Life (3 February 2003) എന്നിവ യോഗ ഉൾപ്പെടെ പൗരസ്ത്യ ആധ്യാത്മികരീതികളെ കരുതലോടെ സമീപിക്കണമെന്ന സൂചനകൾ നല്കുന്നുണ്ട്. YOUCAT 356-ൽ യോഗപോലെയുള്ള അഭ്യാസങ്ങൾ ക്രിസ്തുമതത്തിനു അന്യമായ സിദ്ധാന്തങ്ങളിലേക്കുള്ള ചാലകങ്ങളാണ് എന്ന പരാമർശവും ഉണ്ട്.

“ പലരും ഇന്ന് ആരോഗ്യപരമായ കാരണങ്ങളാൽ ‘യോഗ’ അഭ്യസിക്കുന്നുണ്ട്. ധ്യാനപദ്ധതിയിൽ ചേരുന്നുമുണ്ട്. കൂടുതൽ പ്രശാന്തതയും ആത്മസംയമനവും നേടാൻവേണ്ടിയാണത്. ചിലർ നൃത്തപരിശീലനപദ്ധതിയിൽ ചേരുന്നു, പുതിയ രീതിയിൽ തങ്ങളുടെ ശരീരങ്ങൾ അനുഭവിക്കാൻ വേണ്ടിത്തന്നെ. ഈ സാങ്കേതിക വിദ്യകൾ എപ്പോഴും ദോഷരഹിതമല്ല. പലപ്പോഴും ക്രിസ്തുമതത്തിന് അന്യമായ സിദ്ധാന്തങ്ങളിലേക്കുള്ള വാഹനങ്ങളാണവ” (YOUCAT 356). മേലുദ്ധരിച്ച വിമർശനങ്ങളുടെ വെളിച്ചത്തിൽ ക്രൈസ്തവർ യോഗ പരിശീലിക്കുന്നതു ശരിയല്ലെന്ന നിലപാടിലേക്കു ചിലർ എത്തിച്ചേരുന്നു. അതിനാൽ ഈ രേഖകൾ യോഗയെപ്പറ്റി നിഷേധാത്മകമായി പറഞ്ഞതെന്താണെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കുക ആവശ്യമാണ്.

Some Aspects of Christian Meditation എന്ന രേഖയിലെ പരാമർശം ഇങ്ങനെയാണ്: The expression "eastern methods" is used to refer to methods which are inspired by Hinduism and Buddhism, such as "Zen," "Transcendental Meditation" or "Yoga. ‘പൗരസ്ത്യധ്യാനരീതികൾ പല രീതിയിൽ ക്രിസ്ത്യാനികൾ അഭ്യസിക്കുന്നുവെന്ന് രേഖപറയുന്നു.[8] ചിലർ ധ്യാനത്തിനുള്ള ശാരീരിക-മാനസിക ഒരുക്കത്തിനായാണ് ഇത് അഭ്യസിക്കുന്നത്. മറ്റു ചിലർ ക്രിസ്തീയ മിസ്റ്റിക്കുകൾ പറയുന്നതുപോലുള്ള ആത്മീയ അനുഭവത്തിനായി ഉപയോഗിക്കുന്നു. ഇനിയും വേറെ ചിലർ ബുദ്ധദർശനത്തിന്റെ കാഴ്ചപ്പാടിലൂടെ അഭ്യസിക്കുന്നു. ഈ അവസാനത്തേത് നിഷേധാത്മക ദൈവശാസ്ത്രമാണെന്ന് (Negative Theology) രേഖ പറയുന്നു. ദൈവത്തെ ലോകയാഥാർഥ്യത്തിലേക്ക് ചുരുക്കുന്ന ഈ രീതിയെയാണ് രേഖ അപലപിക്കുന്നത്. അതിനാൽ, സങ്കലിതമായ ആത്മീയതയിൽ (Syncretic Spirituality) വീഴാതിരിക്കാൻ യോഗ പോലുള്ള പൗരസ്ത്യ സാധനകൾ പരിശീലിക്കുമ്പോൾ അതിന്റെ ഉള്ളടക്കത്തെയും രീതിശാസ്ത്രത്തെയും ആഴത്തിൽ പരിശോധിക്കണമെന്ന് രേഖ കൂട്ടിച്ചേർക്കുന്നുണ്ട്.

Jesus Christ the Bearer of the Water of Life എന്ന രേഖയിൽ[9] രണ്ടിടങ്ങളിലാണ് യോഗയെ പേരെടുത്ത് പരാമർശിക്കുന്നത്: 1. Some of

the traditions which flow into New Age are: Ancient Egyptian occult practices, Cabbalism, Early Christian Gnosticism, Sufism, Celtic Christianity, Mediaeval alchemy, Renaissance hermeticism, Zen Buddhism, Yoga and so on" (JCBWL, 2.1). 2. "Yoga, zen, transcendental meditation and tantric exercises lead to an experience of self-fulfilment or enlightenment" (2.3.4.1). സങ്കലിത ആത്മീയത പ്രോത്സാഹിപ്പിക്കുന്ന നവയുഗപ്രസ്ഥാനങ്ങളിലേക്ക് (New Age Movements) എത്തിപ്പെടാൻ നിമിത്തമാകുന്ന ഘടകങ്ങളിലൊന്നായി യോഗയെ ഇവിടെ കണക്കാക്കുന്നു. പലരും ചിന്തിക്കുന്നതുപോലെ പൗരസ്ത്യജ്ഞാനം കടമെടുക്കുന്നത് നിരുപദ്രവമല്ല. ഏറ്റവും നല്ല ഉദാഹരണം അതീന്ദ്രീയ ധ്യാനമാണ്. മതനിരപേക്ഷം എന്നൊക്കെ അതീന്ദ്രീയ ധ്യാനത്തിന്റെ വക്താക്കൾ അവകാശപ്പെടുന്നുണ്ടെങ്കിലും അറിയാതെതന്നെ മറ്റൊരു മതത്തിലേക്ക് (ഇവിടെ ഹിന്ദുമതത്തിലേക്ക്) എത്തിപ്പെടാനുള്ള സാധ്യതകളെപ്പറ്റി ക്രിസ്ത്യാനികൾ ശ്രദ്ധയുള്ളവരായിരിക്കണം. ധ്യാനിക്കാൻ പരിശീലിക്കുന്നത് അതിൽത്തന്നെ തെറ്റല്ല. എന്നാൽ ആ അഭ്യാസത്തിന്റെ ഉദ്ദേശ്യവും ഘടനയും പരിഗണിച്ചുവേണം അത് യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിലേക്കാണോ, മറ്റെന്തെങ്കിലും വെളിപാടുകളിലേക്കാണോ, അതോ തന്നിൽ തന്നെ അന്തർലീനമായിരിക്കുന്ന മറ്റെന്തെങ്കിലുമൊന്നിലേക്കാണോ ബന്ധപ്പെട്ടിരിക്കുന്നത് എന്ന് തീരുമാനിക്കാൻ. എന്നാൽ അതിന്റെ അന്തരാർഥം ക്രിസ്തുവിൽനിന്നുമാറി ഇതരമതദൈവത്തിലേക്കോ വ്യക്തിയുടെ സ്വപ്രതിഷ്ഠയിലേക്കോ കേന്ദ്രീകരിക്കുന്നത് ഒഴിവാക്കണമെന്നാണ് രേഖ പറയുന്നതെന്ന് വ്യക്തമാകും (cfr. JCBWL, 6.2). ഈ ജാഗ്രതകൊണ്ടുതന്നെയാണ് YOUCAT -ലും യോഗയെ അപകടസാധ്യതയുള്ളവയുടെ കൂട്ടത്തിൽ പെടുത്തിയത്.

**4. യോഗയും സാംസ്കാരികാനുരൂപണവും**

അന്യമതങ്ങളിൽ സത്യത്തിന്റെയും നന്മയുടെയും അംശങ്ങൾ ഉണ്ടെന്നും അവയെ ആദരവോടെ വിവേചിച്ചറിഞ്ഞ് ക്രൈസ്തവ ആത്മീയതയിലേക്ക് സ്വാംശീകരിക്കാനും പൂർത്തീകരിക്കാനും രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നുണ്ട്: "ഈ കൂട്ടായ്മയ്ക്കു പുറത്ത് വിശുദ്ധീകരണത്തിന്റെയും സത്യത്തിന്റെയും വളരെയേറെ ഘടകങ്ങൾ കാണപ്പെടുന്നുണ്ട്. എങ്കിലും മിശിഹായുടെ സത്യസഭയുടെ വരങ്ങൾ എന്ന നിലയ്ക്ക് അവ കത്തോലിക്കാഐക്യത്തിലേക്ക് പ്രേരിപ്പിക്കുന്നവയാണ്" (തിരുസഭ, 8). "സ്നേഹംകൊണ്ട് അവനിൽ സമ്പൂർണതയോളം വള

രാൻവേണ്ടി മനുഷ്യരുടെ മനസ്സിലും ഹൃദയത്തിലും വിവിധ രീതുകളിലും ജനപദങ്ങളുടെ സംസ്കാരങ്ങളിലുമുള്ള നന്മയുടെ അങ്കുരങ്ങൾ ഒന്നും തന്നെ നഷ്ടപ്പെടാതിരിക്കാൻ സഭ പ്രവർത്തിക്കുന്നുവെന്നു മാത്രമല്ല, അവയെ ശുദ്ധീകരിക്കുകയും ഉയർത്തുകയും ദൈവമഹത്ത്വത്തിനായും പിശാചിന്റെ ലജ്ജയ്ക്കും മനുഷ്യരുടെ സൗഭാഗ്യത്തിനുമായി പൂർണത യിൽ എത്തിക്കുകയും ചെയ്യുന്നതിനാണ് സഭ അവളുടെ പ്രവർത്തനങ്ങൾ നടത്തുന്നത്" (തിരുസഭ, 17).

ഇങ്ങനെ ഇതരമതങ്ങളിലെ നന്മകളെ സ്വീകരിച്ച് തുറവോടെ അംഗീകരി ക്കുന്നതും ഉൾക്കൊള്ളുന്നതും സുവിശേഷമൂല്യങ്ങളെ പ്രാദേശിക സംസ്കാരങ്ങളിലേക്ക് പകരുന്നതുമാണ് സാംസ്കാരികാനുരൂപണം. സാംസ്കാരികാനുരൂപണം സുവിശേഷവത്കരണത്തിന്റെ അവിഭാജ്യഘ ടകമാണ്. ഒട്ടേറെ സഭാപഠനങ്ങൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്. രണ്ടാം വത്തി ക്കാൻ കൗൺസിലിലെ പ്രേഷിതപ്രവർത്തനത്തെക്കുറിച്ചുള്ള ഡിക്രിയിൽ സാംസ്കാരികാനുരൂപണത്തെ പ്രേഷിതവൃത്തിയെന്നുതന്നെയാണ് പിതാക്കന്മാർ വിശേഷിപ്പിക്കുന്നത്: "ദൈവത്തിന്റെ രഹസ്യസാന്നിദ്ധ്യം കൊണ്ടെന്നതുപോലെ ജനപദങ്ങളുടെ ഇടയിൽ കാണപ്പെടുന്ന സത്യത്തിന്റെയും കൃപയുടെയും അംശങ്ങളെ ഈ *പ്രേഷിതപ്രവർത്തനം* തിന്മയുടെ കറകളിൽനിന്നു വിമുക്തമാക്കി ക്രിസ്തുവിന്റെ പക്കൽ തിരിച്ചേല്പിക്കുന്നു. തത്ഫലമായി മനുഷ്യഹൃദയത്തിലും മനസ്സിലും ജനതകളുടെ പ്രത്യേകമായ ആചാരവിധികളിലും സംസ്കാരങ്ങളിലും നന്മയായി കാണുന്നതെല്ലാം അത് നശിപ്പിക്കുന്നില്ലെന്നു മാത്രമല്ല, വിശുദ്ധീ കരിച്ച് ഉയർത്തുകയും ചെയ്യുന്നു" (പ്രേഷിതപ്രവർത്തനം, 9). ഇതേ പ്രബോ ധനത്തിൽ പ്രാദേശികാനുരൂപണത്തെ സംബന്ധിക്കുന്ന പ്രതിപാദനത്തിൽ ഇതര ജനപദങ്ങളുടെ നല്ല ആചാരങ്ങളും പാരമ്പര്യവും വിജ്ഞാനവു മെല്ലാം ക്രിസ്തുവിന് അവകാശപ്പെട്ടവയാണെന്നു പറയുന്നു (cfr. പ്രേഷി തപ്രവർത്തനം, 22). ഇപ്രകാരം തദ്ദേശീയരുടെ സാംസ്കാരിക സവിശേ ഷതകളെ കണക്കിലെടുക്കാതെ പ്രേഷിതപ്രവർത്തനം നടത്തിയാൽ സുവി ശേഷപ്രഘോഷണത്തിന്റെ ഊർജവും ഫലവും നഷ്ടപ്പെടുമെന്ന് സുവി ശേഷവത്കരണത്തെക്കുറിച്ച് 1975-ൽ പോൾ ആറാമൻ മാർപാപ്പാ പുറ ത്തിറക്കിയ അപ്പോസ്തലിക പ്രബോധനമായ Evangelii Nuntiandi നമ്പർ

63-ൽ പറയുന്നു: "സുവിശേഷവത്കരണമെന്നത് സസൂക്ഷ്മം കൈകാര്യം ചെയ്യേണ്ടതാണ്. ആരെ ഉദ്ദേശിച്ച് അത് നിർവഹിക്കപ്പെടുന്നുവോ, ആ ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ വേണ്ടവിധം മനസ്സിലാക്കുകയും, അവരുടെ ഭാഷയും ശാസ്ത്രസങ്കേതങ്ങളും അടയാളങ്ങളും ഉപയോഗപ്പെടുത്തുകയും, അവർ ഉന്നയിക്കുന്ന ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുകയും, അവരുടെ ജീവിതത്തിൽ അതിന്റെ സ്വാധീനം ചെലുത്തുകയും വേണം. അല്ലെങ്കിൽ, സുവിശേഷവത്കരണത്തിന്റെ ശക്തിയും ഫലദായകത്വവും ആകമാനം നഷ്ടമാകാനിടയുണ്ട്."

യേശുക്രിസ്തുവിലുള്ള വിശ്വാസദൃഢതയോടെയും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താലും ഇതരമതങ്ങളുമായി ആശയപരവും അനുഷ്ഠാനപരവുമായ സംവാദങ്ങളിൽ ഏർപ്പെടുന്നത് ക്രിസ്തീയ വിശ്വാസത്തിന് എതിരല്ലെന്നു മാത്രമല്ല, സ്വന്തമതവിശ്വാസത്തിലും ആത്മീയാനുഷ്ഠാനങ്ങളിലും ആഴപ്പെടുന്നതിനും സർവോപരി, സർവമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന് ധീരമായി സാക്ഷ്യംനല്കുന്നതിനും സഹായകമാണെന്ന് ഇന്ത്യൻ ബിഷപ്പ്സ് കോൺഫ്രൻസ് ഇറക്കിയ രേഖയിൽ പറയുന്നുണ്ട്.[10] സുവിശേഷവത്കരണത്തിന്റെ ഭാഗമായി സാംസ്കാരിക കൊടുക്കൽ-വാങ്ങലുകൾ ഭാരതത്തിൽ നടത്താൻ സഭയ്ക്ക് കടമയുണ്ടെന്ന് വിശുദ്ധ ജോൺ പോൾ പാപ്പാ എടുത്തുപറയുന്നു: "എന്റെ ചിന്ത പെട്ടെന്ന് പൗരസ്ത്യ നാടുകളിലേക്ക് തിരിയുന്നു. മഹത്തായ പൗരാണിക കാലത്തിന്റെ മതപരവും തത്ത്വശാസ്ത്രപരവുമായ പാരമ്പര്യങ്ങൾകൊണ്ട് ഏറെ സമ്പന്നമാണവ. ആ നാടുകളുടെയിടയിൽ ഇന്ത്യയ്ക്ക് ഒരു സവിശേഷ സ്ഥാനമുണ്ട്. ആത്മാവിനെ സ്ഥലകാലങ്ങളുടെ വിലങ്ങുകളിൽനിന്നു മോചിപ്പിക്കുന്നതും അതുകൊണ്ട് പരിപൂർണമൂല്യം നേടുന്നതുമായ ഒരനുഭവത്തെ അന്വേഷിക്കാൻ ഭാരതീയ ചിന്തയെ മഹത്തായ ഒരാദ്ധ്യാത്മിക പ്രചോദനം നയിക്കുന്നു. വിമോചനത്തിനുവേണ്ടിയുള്ള ഈ അന്വേഷണത്തിന്റെ ചാലകശക്തി അതിഭൗതിക വിജ്ഞാനീയത്തിന്റെ പദ്ധതികൾക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇന്ന് പ്രത്യേകിച്ച് ഇന്ത്യയിൽ സമ്പന്നമായ ആ പൈതൃകത്തിൽനിന്നു തങ്ങളുടെ വിശ്വാസത്തിനുചേർന്ന ഘടകങ്ങളെ സ്വീകരിക്കുക ക്രിസ്ത്യാനികളുടെ കടമയാണ്."[11] ശരിയായ മതാന്തര ബന്ധങ്ങളിലൂടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള സവിശേഷമായ കൃപ സഭാതനയർക്ക് ലഭിക്കുന്നതിനായി പ്രാർത്ഥിക്കാനും

ഇപ്പോൾ ഈ കൃപ കൈകാര്യം ചെയ്യുന്നവരെ സൂക്ഷ്മതയോടെ നയിക്കാനും സഭയ്ക്ക് കടമയുണ്ട്. ആ ലക്ഷ്യമാണ് ഈ രേഖ തയ്യാറാക്കുന്നതിനായി കേരളസഭയെ പ്രചോദിപ്പിക്കുന്നത്.

### 4.1. സാംസ്കാരികാനുരൂപണത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ

സാംസ്കാരികമായ ഈ കൊടുക്കൽ-വാങ്ങൽ പ്രക്രിയയിൽ എന്തെല്ലാം സ്വീകരിക്കണം, എന്തെല്ലാം തിരസ്കരിക്കണം എന്ന് നിർണയിക്കാൻ പ്രധാനമായും മൂന്ന് മാനദണ്ഡങ്ങൾ കത്തോലിക്കാ ദൈവശാസ്ത്രത്തിൽ രൂപപ്പെട്ടിട്ടുണ്ട്.[12]

a) **സുവിശേഷസന്ദേശവുമായുള്ള പൊരുത്തം:** ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ക്രിസ്തുസാന്നിധ്യത്തിന്റെ ദൃശ്യപ്രതീകമായി ചരിത്രത്തിൽ തുടരുന്നത് യേശുവിന്റെ വചനങ്ങളും അപ്പോസ്തലന്മാർ നിർദേശിച്ച മാർഗരേഖകളും അടങ്ങുന്ന പുതിയ നിയമമാണ്. യേശുവും അവിടുത്തെ ശിഷ്യന്മാരും വെളിപ്പെടുത്തിയ സന്ദേശങ്ങളോടു ചേർന്നുപോകുന്ന ഇതര സംസ്കാരങ്ങളിലെ വെളിപാടുകളും സമ്പ്രദായങ്ങളും ദൈവാത്മാവിനാൽ പ്രചോദിതമാണ് എന്ന കാഴ്ചപ്പാടാണ് സഭയ്ക്കുള്ളത്. ഇന്ത്യയിൽ മനുഷ്യനെ പല തട്ടുകളിലായി തിരിച്ച് ചൂഷണംചെയ്ത ജാതിവ്യവസ്ഥ, അയിത്തം, സതി, നരബലി തുടങ്ങിയ ആചാരങ്ങൾക്കെതിരേ മിഷണറിമാർ നിലപാടു സ്വീകരിച്ചത് അവ സുവിശേഷത്തിനു വിരുദ്ധമായതുകൊണ്ടാണ്. സുവിശേഷത്തിന് വിരുദ്ധമായ ആചാരങ്ങൾക്ക് രക്ഷാകരമൂല്യമുണ്ടെന്ന് സഭ കരുതുന്നില്ല. അക്കാരണങ്ങളാലാണ് യോഗയുടെ ദർശനങ്ങളിൽ ചിലതു ക്രിസ്തീയ വിശ്വാസങ്ങളിൽനിന്ന് വ്യത്യസ്തമാണെന്ന് സഭ കരുതുന്നത്.

**b) യേശുക്രിസ്തുവിലൂടെയുള്ള രക്ഷ ഏറ്റുപറച്ചിൽ:** മറ്റ് സംസ്കാരങ്ങളിലെ ദൈവിക പ്രചോദനത്തെ തിട്ടപ്പെടുത്തുമ്പോൾ അംഗീകരിക്കേണ്ട രണ്ടാമത്തെ വസ്തുത, രക്ഷയുടെ സ്രോതസ്സ് ദൈവപുത്രനായ യേശുക്രിസ്തു തന്നെയാണെന്നതാണ്. അന്യമതങ്ങളിലെ സത്യത്തിന്റെ

ഘടകങ്ങൾ അവർക്ക് രക്ഷാകരങ്ങളായിത്തീരുന്നത് യേശുക്രിസ്തുവിനോടുള്ള ബന്ധം മൂലമാണ്. കാരണം, മനുഷ്യനായി അവതരിക്കുകയും കുരിശുമരണത്തിലൂടെയും ഉയിർപ്പിലൂടെയും ലോകരക്ഷ സാധിക്കുകയും ചെയ്ത രക്ഷയുടെ മധ്യസ്ഥൻ ദൈവപുത്രനായ യേശു ആണ്. യേശു ഏകരക്ഷകനാണെന്ന സത്യത്തെ അംഗീകരിക്കാത്ത ആചാരാനുഷ്ഠാനങ്ങൾ ക്രൈസ്തവർക്ക് സ്വീകാര്യമല്ല.

**c) വിശ്വാസികൾക്കുവേണ്ട ജാഗ്രത:** ഇതരമതങ്ങളിലുള്ള വെളിപാടുകൾ പ്രഥമമായും പ്രസ്തുത മതങ്ങളിലെ വിശ്വാസികളുടെ നൻമയെ ലക്ഷ്യം വച്ച് നല്കപ്പെട്ടതാണ്. ഇവയിലുള്ള പങ്കുചേരൽ ക്രൈസ്തവന്റെ കൗദാശികജീവിതത്തിന് കോട്ടം തട്ടുന്ന രീതിയിലോ അവയെ തെറ്റിധരിപ്പിക്കുന്ന വിധത്തിലോ ആകരുത്.

## 4.2 വിശുദ്ധ പൗലോസ് നൽകുന്ന പാഠം

യോഗാഭ്യസനം എന്നത് ഇതരമതാനുഷ്ഠാനങ്ങളിലുള്ള പങ്കുചേരലാണെന്ന് ചിലരെങ്കിലും കരുതുന്നുണ്ട്. ഇതു സംബന്ധിച്ച ചർച്ചകളിൽ മാർഗദർശകമാകാവുന്ന വിശുദ്ധ ഗ്രന്ഥഭാഗമാണ് വിഗ്രഹാർപ്പിത ഭക്ഷണം ക്രിസ്ത്യാനികൾക്ക് ഭക്ഷിക്കാമോ എന്നതിനെപ്പറ്റി വിശുദ്ധ പൗലോസ് അപ്പോസ്തലൻ കോറിന്തോസിലെ സഭയ്ക്കു നൽകുന്ന പാഠം (1 കോറി 8-9). കോറിന്തോസ് സഭയിലെ പ്രത്യേക പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം വിഗ്രഹാർപ്പിത ഭക്ഷണത്തെക്കുറിച്ചുള്ള പൗലോസിന്റെ വിചിന്തനങ്ങൾ മനസ്സിലാക്കേണ്ടത്.

രണ്ടു രീതിയിലാണ് ക്രിസ്ത്യാനികൾക്ക് വിജാതീയ ദൈവങ്ങൾക്ക് അർപ്പിച്ച ഭക്ഷണത്തിൽ പങ്കുചേരാൻ അവസരമുണ്ടായിരുന്നത്. ഒന്നാമതായി, ബലിയർപ്പിക്കപ്പെട്ട മൃഗങ്ങളുടെ മാംസത്തിൽ നിന്ന് ബലിക്കാവശ്യമുള്ളവ എടുത്തശേഷം ബാക്കിയുള്ളവ പൊതുചന്തയിൽ വിറ്റിരുന്നു. ഈ മാംസം ക്രൈസ്തവർക്ക് വാങ്ങി ഭക്ഷിക്കാമോ എന്നതായിരുന്നു ആദ്യപ്രശ്നം. രണ്ടാമതായി, വിഗ്രഹങ്ങൾക്കർപ്പിച്ച മാംസം പിന്നീട് വിരുന്നുസത്കാരങ്ങളിൽ വിളമ്പുന്ന ശൈലിയും അന്നുണ്ടായിരുന്നു.

ക്രിസ്തുമതം സ്വീകരിച്ചിരുന്ന ക്രൈസ്തവരിൽ പലരുടെയും ബന്ധുക്കളും മിത്രങ്ങളും വിജാതീയരായി തുടർന്നിരുന്നതിനാലും അവർ തങ്ങളുടെ പ്രിയപ്പെട്ടവരെ ഉത്സവാഘോഷങ്ങൾക്കു ക്ഷണിച്ചിരുന്നതിനാലും അവ യിൽ പങ്കുകൊള്ളാൻ ക്രിസ്ത്യാനികൾക്ക് അവസരമുണ്ടായി. ഈ സാഹ ചര്യത്തിലാണ് പൗലോസ് അപ്പോസ്തലൻ വിഗ്രഹാർപ്പിതഭക്ഷണത്തെ പ്പറ്റിയുള്ള നിർദേശങ്ങൾ നല്കുന്നത്.

a) ഈ പ്രതിസന്ധിക്ക് ഉത്തരം നല്കുമ്പോൾ പൗലോസ് ആദ്യമായി പറയുന്നത്, "... ലോകത്തിൽ വിഗ്രഹമെന്നൊന്നില്ലെന്നും, ഏകദൈവമ ല്ലാതെ മറ്റൊരു ദൈവമില്ലെന്നും നമുക്കറിയാം" എന്നാണ് (1 കോറി 8:4). ഏക ദൈവവിശ്വാസത്തിൽ ഇതര ദൈവങ്ങളെക്കുറിച്ചുള്ള സങ്കല്പത്തിനു പ്രസക്തിയില്ല എന്നാണ് പൗലോസ് ഇവിടെ അർത്ഥമാക്കുന്നത്. ദൈവി കസാന്നിധ്യമായി ഇതര മതവിശ്വാസികൾ കരുതുന്നത് ഏകദൈവസാന്നി ധ്യത്തിന്റെ കിരണങ്ങളായി മനസ്സിലാക്കണമെന്ന രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ചിന്ത ഇവിടെ ശ്രദ്ധേയമാണ്, അതിനാൽ വിഗ്രഹ ങ്ങൾക്കർപ്പിച്ച ഭക്ഷണം ഭക്ഷിക്കാതിരിക്കുന്നതുകൊണ്ട് അത് നമ്മെ കൂടു തൽ യോഗ്യരോ, ഭക്ഷിക്കുന്നതുകൊണ്ട് കൂടുതൽ അയോഗ്യരോ ആക്കുന്നില്ല (1കോറി 8:8). പൗലോസിന്റെ ഏകദൈവവിശ്വാസവീക്ഷണ ത്തിൽ വിഗ്രഹാർപ്പിത ഭക്ഷണം അതിൽത്തന്നെ നന്മയും തിന്മയും അല്ല.

b) പൗലോസ് അപ്പോസ്തലന്റെ രണ്ടാമത്തെ നിർദേശം വിഗ്രഹാർപ്പിത ഭക്ഷണം വിജാതീയരുടെ മനോഭാവത്തോടുകൂടെ ഭക്ഷിക്കരുതെന്നാ ണ്. ഭക്ഷണത്തെക്കാൾ ഭക്ഷിക്കുന്നവന്റെ മനോഭാവമാണ് വിശുദ്ധിയു ടെയും അശുദ്ധിയുടെയും അളവുകോൽ. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം വിജാതീയ വിശ്വാസത്തോടെ ഭക്ഷിക്കുമ്പോൾ, അതായത് വിഗ്രഹങ്ങൾ യഥാർത്ഥ ദൈവങ്ങളാണെന്നുള്ള ധാരണയിൽ ഭക്ഷിക്കുമ്പോൾ, അത് ക്രൈസ്തവ വിശ്വാസത്തിന് നിരക്കാത്തതാകുന്നു.

c) വിശ്വാസജീവിതം ഒറ്റപ്പെട്ട യാത്രയല്ല. സാമൂഹികജീവിയായ മനു ഷ്യൻ അവന്റെ വിശ്വാസം ജീവിക്കുന്നത് സമൂഹത്തിലാണ്. അവന്റെ ദുഷ്പ്ര വൃത്തികൾ സമൂഹത്തിലെ ഇതര അംഗങ്ങളുടെ വിശ്വാസത്തെ പ്രതികൂല മായി ബാധിക്കാവുന്നതാണ്. അതുകൊണ്ട് ക്രിസ്തുശിഷ്യൻ, വിഗ്രഹാല യത്തിൽ ഭക്ഷണത്തിനിരിക്കുന്നതായി ദുർബലമനസ്കൻ കണ്ടാൽ അവന് ഇടർച്ചയ്ക്ക് കാരണമാകുമെന്നതിനാൽ അത് പാപകരമാണെന്ന് വിശുദ്ധ

പൗലോസ് വിധിക്കുന്നു. യോഗയുടെ കാര്യത്തിൽ, ഇതരമത പ്രാർത്ഥനകൾ ഉരുവിട്ട് ഇതര ഈശ്വരസങ്കല്പങ്ങളെ ധ്യാനിച്ച് യോഗ ചെയ്യുന്നത് ക്രൈസ്തവ വിശ്വാസികൾക്ക് ഇടർച്ച നല്കുന്നതും അക്കാരണത്താൽ അസ്വീകാര്യവുമാണ്.

മേലുദ്ധരിച്ച മിതത്വമുള്ളതും വിവേകപൂർവകവുമായ നിലപാടാണ് ഫ്രാൻസിസ് പാപ്പായുടെ യോഗയെക്കുറിച്ചുള്ള വിലയിരുത്തലിലും പ്രകടമാകുന്നത്. പാപ്പായുടെ അഭിപ്രായത്തിൽ, "നിങ്ങൾക്ക് ആയിര ക്കണക്കിന് മതബോധനക്ലാസ്സുകളും ആയിരക്കണക്കിന് ആധ്യാത്മിക പരിശീലനപദ്ധതികളും ആയിരക്കണക്കിന് യോഗാ, സെൻ പരിശീലനങ്ങളും ആർജ്ജിക്കാം. എന്നാൽ, ദൈവമക്കളുടെ സ്വാതന്ത്ര്യ ത്തിലേക്കു നിങ്ങളെ നയിക്കാൻ ഇവയ്ക്കൊന്നും കഴിയില്ല. ദൈവത്തെ പിതാവേ എന്നു വിളിക്കാൻ നമ്മുടെ ഹൃദയങ്ങളെ പരിപോഷിപ്പിക്കാൻ പരിശുദ്ധാത്മാവിനു മാത്രമേ കഴിയൂ."[13] ഏതാനും മാസങ്ങൾക്കുശേഷം നൽകിയ മറ്റൊരു അഭിമുഖത്തിൽ പാപ്പാ യോഗയെക്കുറിച്ച് വീണ്ടും സംസാരിക്കുകയുണ്ടായി: ''യോഗ അനുഷ്ഠിക്കുന്നവരെല്ലാം എല്ലായ്പ്പോഴും എല്ലായിടത്തും തിന്മയുടെ പിടിയിലാണെന്ന് ഞാൻ അർത്ഥമാക്കുന്നില്ല. എന്നാൽ യോഗാഭ്യാസത്തിൽ ആത്മീയ അപകട സാധ്യത അധികമാണെന്നത് വസ്തുതയാണ്."[14]

പാപ്പായുടെ ഈ പ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ, പൗലോസിന്റെ 1 കോറി 10,20 ലുള്ള "വിജാതീയർ ബലിയർപ്പിക്കുന്നത് പിശാചിനാണ്" എന്ന വചനം മനസ്സിലാക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ, ഈ വചനം അത ടങ്ങുന്ന ഖണ്ഡികയുടെയും (10,11-22) മുകളിൽപ്പറഞ്ഞ 1 കോറി 8ഉം 9ഉം അധ്യായവും ഉൾപ്പടെയുള്ള പശ്ചാത്തലത്തിലും ആണ് വ്യാഖ്യാനിക്ക പ്പെടേണ്ടത്. വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണസാധനങ്ങൾ വിരുന്നുകളിലോ മറ്റവസരത്തിലോ ഭക്ഷിക്കുന്ന ബലവാന്മാരായ ക്രിസ്ത്യാനികൾക്ക് വിഗ്രഹ ങ്ങളെ ആരാധിക്കുക എന്ന ലക്ഷ്യം ഉണ്ടായിരുന്നില്ല. കാരണം, വിഗ്രഹ ങ്ങൾ എന്ന ഒന്നില്ല എന്ന് അവർക്ക് അറിയാമായിരുന്നു. അതേസമയം, അവർ അപ്രകാരം ഭക്ഷിക്കുക വഴിയായി വിഗ്രഹങ്ങൾ ഉണ്ടെന്നു കരു തുന്നവരുമായി ഒരു സഖ്യം ഉണ്ടാവുകയും ആ സാമൂഹ്യമായ സഖ്യം വഴിയായി വിഗ്രഹങ്ങൾ ഉണ്ടെന്നുള്ള ധാരണയിലേക്ക് ദുർബലരായ ക്രിസ്ത്യാനികൾ പ്രവേശിക്കുവാനുള്ള സാധ്യത നിലനില്ക്കുകയും ചെയ്യു

മായിരുന്നു. അതിനാൽ പൗലോസ് പറഞ്ഞു തുടങ്ങുന്നു: "ആകയാൽ പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയിൽ നിന്ന് ഓടിയകലുവിൻ" (1 കോറി 10,14). ഇതിനുള്ള കാരണങ്ങൾ, പൗലോസ് വീണ്ടും പറയുന്നു: ക്രൈസ്തവർ ആശീർവദിച്ചുകൊണ്ടിരുന്ന അപ്പവും വീഞ്ഞും ആശീർവാദം വഴിയായി ദിവ്യകാരുണ്യത്തിലൂടെ അവർ ക്രിസ്തുവുമായും പരസ്പരവും ഐക്യപ്പെടുകയായിരുന്നു; അവിടെ ലംബമായും തിരശ്ചീനമായും ഒരു ഐക്യം രൂപപ്പെടുമായിരുന്നു (1 കോറി 10,16-17). അതുപോലെതന്നെയായിരുന്നു ഇസ്രായേൽക്കാരുടെ ബലിപീഠഭാഗഭാഗിത്വസങ്കല്പവും. അവിടെ ബലിവസ്തു ദൈവത്തിനും പുരോഹിതനും, ആരാധനകനും തമ്മിൽ പങ്കിടുക വഴിയായി (ലേവ്യ 3;7; 1 സാമൂ 9:10-24) അവർ മൂന്നുപേരും തമ്മിലുള്ള ഐക്യം അരക്കിട്ടുറപ്പിക്കപ്പെടുമായിരുന്നു ( 1 കോറി 10,18). അതിനാൽ വിഗ്രഹം സൂചിപ്പിക്കുന്ന ദൈവങ്ങൾക്ക് അസ്തിത്വമില്ലെങ്കിലും (1 കോറി 10, 19) അങ്ങനെ വിഗ്രഹാരാധന വഴിയായി ലംബമായുള്ള ഐക്യം നടക്കുന്നില്ലെങ്കിലും പങ്കുവയ്ക്കൽ എന്ന പ്രക്രിയ വഴിയായി സാമൂഹ്യമായുള്ള (തിരശ്ചീനമായുള്ള) ഐക്യം സാധ്യമാകുന്നു. ആയതിനാൽ വിഗ്രഹാരാധനയുടെ ലക്ഷ്യമായ ഈ ഒരു ഭാഗം നിലനിറുത്തുന്ന ഈ പ്രക്രിയ അപകടകരമാണ്. ഈ വസ്തുതയെ സൂചിപ്പിക്കാനാണ് വിജാതിയർ പിശാചിനാണ് ബലിയർപ്പിക്കുന്നതെന്ന് പൗലോസ് പഠിപ്പിക്കുന്നത്. ആകയാൽ വിഗ്രഹാരാധനയിൽ നിന്ന് ഓടിയകലണമെന്ന് പൗലോസ് ആഹ്വാനം ചെയ്യുന്നു. കാരണം, വസ്തുനിഷ്ഠമായി വിഗ്രഹങ്ങൾ ഒന്നുമല്ലെങ്കിലും വിഗ്രഹാരാധനയിൽ കർത്തൃനിഷ്ഠമായി അതു ഉള്ളതായി ഭവിക്കുന്നു. ഇത് അപകടകരമാണ്; അതായത്, അത് ദൈവികമല്ലാത്ത ഒന്നിനോട് കൂട്ടുചേരുന്നതിന് തുല്യമായി ഭവിക്കുന്നു.

ഇക്കാര്യം അപകടകരമാണെങ്കിൽപ്പോലും സാംസ്കാരികാനുരൂപണങ്ങൾ ഇതരമതങ്ങളോടുള്ള തുറന്ന മനോഭാവം തുടരേണ്ടതായിട്ടുണ്ട്. കാരണം, "പലപ്പോഴും എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന നിത്യസത്യത്തിന്റെ രശ്മി അവ സംവഹിക്കുന്നുണ്ട്" (ഇതരമതങ്ങൾ, 2) എന്ന് സഭ പഠിപ്പിക്കുന്നു. ഇതരമത പാരമ്പര്യങ്ങളിൽ "വചനത്തിന്റെ വിത്തുകൾ ഒളിഞ്ഞിരിക്കുകയും ചെയ്യുന്നു" (പ്രേഷിതപ്രവർത്തനം, 11). സാസ്കാരികാ

നുരൂപണത്തിന്റെ ഭാഗമായിട്ടു തന്നെയാണ് പൗലോസ്, ലൂക്കായുടെ ചിത്രീകരണപ്രകാരം ആഥൻസിലെ അരെയോപ്പഗസിൽ പ്രസംഗിച്ചപ്പോൾ വിജാതീയ കവികളെ ഉദ്ധരിച്ചത്: അപ്പ 17:28 "അവിടന്നിൽ നാം ജീവിക്കുന്നു; ചരിക്കുന്നു; നിലനില്ക്കുന്നു" (ക്നോസ്സോസുകാരൻ എപ്പിമേനിദസ് - ബി. സി. ആറാം നൂറ്റാണ്ട്); "നാം അവിടത്തെ സന്താനങ്ങളാണ്" (സിലിസിയയിലെ സോളിയിലെ ആരാത്തസ് - ബി.സി. മൂന്നാം നൂറ്റാണ്ട്). യോഗാഭ്യാസത്തിന്റെ കാര്യത്തിൽ അപകടകരമായവ തള്ളിക്കളഞ്ഞ് കൊള്ളേണ്ടത്കൊള്ളാൻ സാംസ്കാരികാനുരൂപണത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നതിന് സഭ തയ്യാറാണ്.

## 5. യോഗയുടെ പ്രായോഗിക ഗുണങ്ങൾ

യോഗ പരിശീലിക്കുന്നതിലൂടെ ലഭ്യമാകാവുന്ന ചില പ്രായോഗിക ഗുണങ്ങൾ താഴെ ചേർക്കുന്നു.

(a) ആരോഗ്യകരമായ ജീവിതത്തിനും രോഗങ്ങളെ അകറ്റി നിറുത്തുന്നതിനും ശാരീരിക സുസ്ഥിതിക്കും യോഗാഭ്യാസം ഗുണകരമാണ്. ആത്മീയ ജീവിതത്തിൽ ശരീരവും മനസ്സും തമ്മിലുള്ള പാരസ്പര്യം അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തണമെങ്കിൽ (1 കോറി 6:20) നാം അതിനെ പരിശുദ്ധമായ ഒരു പാത്രമായി കാത്തുസൂക്ഷിക്കണം. ദൈവത്തിന്റെ ശ്വാസമാണ് മനുഷ്യശരീരത്തിന്റെ ജീവൻ (cfr. ഉല്പ 2:7). ദൈവം തന്നെയാണ് എല്ലാവർക്കും ജീവനും ശ്വാസവും പ്രദാനം ചെയ്യുന്നത് (cfr. അപ്പ 17:25). ഒരോ ശ്വാസോച്ഛ്വാസത്തിലും ദൈവത്തെ സ്മരിക്കാനും സ്തുതിക്കാനും അങ്ങനെ ശരീരത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്താനും യോഗയിലുള്ള ശ്വാസോച്ഛ്വാസ നിയന്ത്രണം (പ്രാണായാമം) ക്രിസ്ത്യാനിയെ സഹായിക്കുന്നു.

(b) യമ-നിയമ-ആസന-പ്രാണായാമ-പ്രത്യാഹാരങ്ങൾ യോഗ പരിശീലിക്കുന്ന സാധകർക്ക് സമ്മാനിക്കുന്നത് ശാന്തമായ മനസ്സും പവിത്രമായ ശരീരവും പരോപകാരപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള

ആന്തരികോർജ്ജവുമാണ്. ശരീരത്തിന്റെയും മനസ്സിന്റെയും ശക്തികളെ ത്രിത്വൈകദൈവത്തിൽ കേന്ദ്രീകരിക്കാൻ യോഗ (ധാരണ-ധ്യാന-സമാധി) സഹായിക്കും. ക്രിസ്തീയ ധ്യാനത്തിന് യോഗ ഇപ്രകാരം ഉപകാരപ്രദമായ ഒരു മുന്നൊരുക്കമാണ്.

(c) യോഗാഭ്യാസം പ്രകൃതിയുടെ താളലയത്തിനനുസൃതം മനുഷ്യന്റെ ചിത്തവൃത്തികളെ ക്രമപ്പെടുത്തുന്നതാണ്. അതിനാൽ യോഗാഭ്യാസം പ്രകൃതിയെ ആദരിക്കാൻ സഹായകമാണ്.

(d) ആസക്തികളില്ലാതെ ജീവിച്ച് മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിച്ച് ശാന്തവും സമാധാനപൂർണവുമായ ജീവിതത്തിന് ഒരുങ്ങാൻ യോഗ സഹായകമാണ്.

## 6. മാർഗനിർദേശങ്ങൾ

ക്രൈസ്തവ ആധ്യാത്മികതയ്ക്ക് അനുയോജ്യമായ രീതിയിൽ വേണം ക്രൈസ്തവർ യോഗ അനുഷ്ഠിക്കേണ്ടത്. ക്രൈസ്തവർ യോഗയെ ശാരീരിക മാനസിക വ്യായാമ മുറയായിട്ടാണ് മനസ്സിലാക്കുന്നത്. യോഗയുടെ ദൈവശാസ്ത്രപരവും ആധ്യാത്മികവുമായ വശങ്ങളെക്കുറിച്ച് ചില മുൻകരുതലുകൾ ആവശ്യമുണ്ട് എന്നുതന്നെയാണ് സഭയുടെ നിലപാട്. താഴെ ചേർക്കുന്ന ഈ നിബന്ധനകൾ പാലിച്ചുകൊണ്ടു മാത്രമാണ് യോഗ പരിശീലിക്കുന്ന ക്രിസ്ത്യാനികൾ അതു ചെയ്യേണ്ടത്.[15]

a) നവയുഗ പ്രസ്ഥാനങ്ങളുടെ കാഴ്ചപ്പാടിൽ ദൈവം എന്നത് കേവലമൊരു ശക്തിയോ പ്രപഞ്ചത്തിന്റെ പ്രത്യേകമായൊരു മാനമോ മാത്രമാണ്. എന്നാൽ ക്രിസ്തീയതയിൽ ദൈവം വ്യക്തിയാണ്; പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. ആയതിനാൽ യോഗ ചെയ്യുന്ന ക്രിസ്ത്യാനികൾ മനസ്സിൽ പൂജിക്കേണ്ടത് മാംസം ധരിച്ച ദൈവവചനമായ യേശുക്രിസ്തുവിനെയാണ്.

b) മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ യേശുവിനെ ലോകം കണ്ട നല്ല ഗുരുക്കന്മാരിലൊരാളായും അവതാര പുരുഷനായും വിശദീകരിക്കുന്ന പ്രവണതയാണ് നവയുഗപ്രസ്ഥാനങ്ങളിൽ കാണുന്നത്. എന്നാൽ യോഗ പരിശീലിക്കുന്ന ക്രൈസ്തവർ യേശുവിനെ

ദൈവപുത്രനും മിശിഹായും ലോകത്തിന്റെ ഏകരക്ഷകനുമായി ഏറ്റുപറയുന്നതിൽ ഒരു തരത്തിലുള്ള വീഴ്ചയും വരുത്തരുത്.

c) രക്ഷയെക്കുറിച്ചുള്ള കത്തോലിക്കാവീക്ഷണവും യോഗയുടെ കാഴ്ചപ്പാടും വ്യത്യസ്തമാണ്. യോഗയിൽ രക്ഷ എന്നത് സ്വന്തം ദൈവികത തിരിച്ചറിയുന്ന ആത്മസാക്ഷാത്കാരമാണ്. എന്നാൽ ക്രിസ്തീയതയിൽ രക്ഷ എന്നത് ദൈവവുമായുള്ള കൂട്ടായ്മ (communion) യാണ്. യോഗ അഭ്യസിക്കുന്ന ക്രൈസ്തവർ സ്വയാർജ്ജിതമായ ആത്മസാക്ഷാത്കാരത്തിലല്ല രക്ഷ കാണേണ്ടത്; പാപത്തെയും അതിന്റെ പരിണതഫലങ്ങളെയും ദൈവകൃപയാൽ വിജയിച്ച് സകലർക്കും നല്ല അയൽക്കാരായി വർത്തിക്കുന്നതിലൂടെയാണ്.

d) ക്രിസ്തീയതയിൽ പ്രാർത്ഥന ആത്മഭാഷണത്തെക്കാൾ ദൈവത്തോടുള്ള സംഭാഷണമാണ്. യോഗയിലാകട്ടെ, തന്നോടുതന്നെ സംവദിച്ച് തന്നിലെ ആന്തരികതയുടെ ആഴങ്ങളെ മനനം ചെയ്യുന്നതാണ് പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും സ്വഭാവം. ക്രൈസ്തവവിശ്വാസമനുസരിച്ച്, ദൈവഹിതത്തോടുള്ള വിനീതവും നിസ്വാർഥവുമായ തുറവിയാണ് ഒരു വിശ്വാസിയുടെ പ്രാർത്ഥനയുടെ ഏറ്റവും മുഖ്യമായ ഭാവം. തപശ്ചര്യകൾകൊണ്ടോ ധ്യാനവിദ്യകൾകൊണ്ടോ ദൈവത്തെ നിർബന്ധിച്ച് തങ്ങളുടെ അനുഭവമണ്ഡലത്തിലേക്ക് കൊണ്ടുവരാൻ കഴിയുമെന്ന ധാരണ യോഗ പരിശീലിക്കുന്ന ക്രൈസ്തവർക്ക് ഉണ്ടാകരുത്.

e) ഹൈന്ദവ വിശ്വാസമനുസരിച്ച് അജ്ഞാനമാണ് മോക്ഷപ്രാപ്തിക്കുള്ള തടസ്സം. ഈ തടസ്സം നീങ്ങാൻ ദൈവത്തിൽനിന്നുള്ള പ്രസാദവരം ആവശ്യമില്ല; മറിച്ച്, ജ്ഞാനമാർഗത്തിൽ ചരിക്കുന്നവർക്ക് വിദ്യയായ ഈശ്വരനെ ധ്യാനിച്ച് സായൂജ്യത്തിൽ എത്തിയാൽ മതിയെന്നാണ് ഹൈന്ദവപക്ഷം. എന്നാൽ ക്രിസ്തീയവീക്ഷണത്തിൽ പാപം എന്നത് ദൈവദത്തമായ സ്വാതന്ത്ര്യത്തെ മനുഷ്യൻ ബോധപൂർവം ദുർവിനിയോഗം ചെയ്ത് ദൈവത്തിനും സഹോദരങ്ങൾക്കും എതിരായി തിരിയുന്നതാണ്. യോഗ ചെയ്യുന്ന ക്രൈസ്തവർ പാപത്തെ കേവലം അജ്ഞതയായി കാണരുത്. പാപത്തിൽ ഓരോരുത്തർക്കും വ്യക്തിപരമായ ഉത്തരവാദിത്വമുണ്ട്.

f) യോഗയിലൂടെ ഉണ്ടാകുന്ന സുഖാനുഭവങ്ങളെ പരിശുദ്ധാത്മാവിന്റെ ആധികാരികമായ ഇടപെടലുകളോ ആശ്വസിപ്പിക്കലുകളോ ആയി തെറ്റിദ്ധരിക്കരുത്.

g) ക്രൈസ്തവ ആത്മീയതയെ പരിപോഷിപ്പിക്കുന്നിടത്തോളമാണ് യോഗ ഉപകാരപ്രദമാകുന്നത്. ക്രിസ്തുരഹസ്യത്തെ മാറ്റിനിർത്തിയുള്ള ഒരു ധ്യാനസാങ്കേതിക വിദ്യയായി യോഗാധ്യാനത്തെ കണക്കാക്കുന്നത് തെറ്റാണ്.

h) ക്രിസ്തുവിന്റെ കൃപയുടെ സമഗ്രത യോഗയിലൂടെ ലഭിക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. സഭാത്മകമായ കൗദാശികജീവിതത്തിനും വചനകേന്ദ്രിതമായ വൈയക്തിക പ്രാർത്ഥനയ്ക്കും പകരമായോ സമാന്തരമായോ അല്ല യോഗയെ കാണേണ്ടത്; മറിച്ച്, ക്രിസ്തുകേന്ദ്രിതവും സഭാത്മകവും വ്യക്തിപരവുമായ ആത്മീയ ജീവിതത്തിന്റെ ഗുണപരമായ വളർച്ചയ്ക്ക് സഹായമെന്ന നിലയ്ക്കാണ് യോഗ പരിശീലിക്കേണ്ടത്.

i) ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിന്റെ തുടർച്ചയായ സഭയെ പടുത്തുയർത്താൻ ദൈവപരിപാലനയിൽ നമുക്കു ലഭിച്ച പരിശുദ്ധാത്മ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ക്രൈസ്തവേതര സംസ്കാരങ്ങളിൽ നാം കണ്ടെത്തുന്ന നന്മകളെ മനസ്സിലാക്കേണ്ടത്.

## ഉപസംഹാരം

യോഗയെ ഒരു ശാരീരിക - മാനസിക വ്യായാമമായി സ്വീകരിക്കുന്നതിൽ ക്രിസ്ത്യാനികൾ ആശങ്കപ്പെടേണ്ടതില്ല. കാരണം, വ്യായാമ മുറ എന്ന രീതിയിൽ യോഗ അനുഷ്ഠിക്കുന്നത് ക്രിസ്തീയവിശ്വാസത്തിന് വിരുദ്ധമല്ല. ശ്വാസക്രമീകരണത്തിനും ആരോഗ്യസംരക്ഷണത്തിനും യോഗ സഹായകമാണ്. പൗരസ്ത്യദേശങ്ങളിൽ ഉത്ഭവിച്ച ധ്യാനരീതികളും ശാരീരിക ആസനങ്ങളും പ്രശ്നകലുഷിതമായ സാഹചര്യത്തിൽ തകർന്ന ഹൃദയവുമായി ജീവിക്കുന്ന ആധുനിക മനുഷ്യർക്ക് പ്രയോജനകരമാണ്. പ്രശാന്തമാക്കപ്പെട്ട മനസ്സോടെയും ആന്തരികസമാധാനത്തോടെയും ദൈവതിരുമുമ്പിലായിരിക്കാൻ ഈ ധ്യാനരീതികൾ സഹായകമാണ്.

അതേസമയം, ദാർശനിക - ദൈവശാസ്ത്ര മേഖലകളിൽ യോഗയുടെ ചിന്താധാര പല വിഷയങ്ങളിലും ക്രിസ്തീയ പ്രബോധനങ്ങളിൽനിന്നും വ്യത്യസ്തമാണ്. യോഗയെ പൈശാചികമായി അവതരിപ്പിക്കുന്ന അന്ധമായ യോഗവിരോധം ക്രിസ്തീയവിശ്വാസത്തെ പരിപോഷിപ്പിക്കുന്നത

ല്ല. അതോടൊപ്പംതന്നെ, കേവലമായ യോഗാനുഷ്ഠാനത്തിലൂടെ ക്രിസ്തീയ രക്ഷ സാധ്യമാകും എന്ന വാദവും അടിസ്ഥാനരഹിതമാണ്.

സുവിശേഷവത്കരണത്തിന് ഊന്നൽ കൊടുക്കുന്ന സഭയ്ക്ക് ഇതിൽനിന്ന് പിന്തിരിഞ്ഞു നില്ക്കാനാവില്ല.

## Endnotes

1. Vaman Shivram Apte, *The Practical Sanskrit-English Dictionary,* Motilal Banarsidars Publishers, Delhi, 1965, p. 788
2. Yan Y. Dhyansky, "The Indus Valley Origin of a Yoga Practice", *Artibus Asiae,* Vol. 48, No.1/2, 1987, pp. 89-108; Narendra Nath Sharma, Y*oga Karika,* Eastern Book Linkers, Delhi, 1981, p.xiii.
3. Mircea Eliade, "Yoga", in: *The Encyclopedia of Religions,* (Mircea Eliade 9ed.), vol. 15, Macmillan Publishing Company, New York, 1987, pp. 519-520.
4. ഈശ്വരപ്രണിധാനാദ് വാ (യോഗസൂത്രം I: 23).
5. ക്ലേശകർമവിപാകശയൈരപരാമൃഷ്ട: പുരുഷവിശേഷ ഈശ്വര: (യോഗ സൂത്രം I: 24)
6. Anthony J. Kelly, "Logos", in: *The New Dictionary of Theology*, J. A. Komonanchack, M. Collins and D.A. Lane (eds)., TPI, Bangalore 1996, pp.601-602. Refer also Justin Martyr, *Apology*, chapter 46, *Ante- Nicene Fathers,* vol.1.p.178.
7. Congregation for the Doctrine of Faith, *Letter to the Bishops of the Catholic Church on Some Aspects of Christian Meditation,* (October 15, 1989), no. 28.
8. നമ്പർ 12-ൽ പൗരസ്ത്യ പ്രാർഥനാരീതികൾ വിവേചിക്കേണ്ട വിധങ്ങൾ വിവരിക്കുന്ന താഴേ കൊടുത്തിരിക്കുന്ന ഭാഗമാണ് പലപ്പോഴും യോഗധ്യാനരീതികൾ ക്രൈസ്തവമല്ലെന്നു വാദിക്കുന്നവർ ഉദ്ധരിച്ചു

കാണുന്നത്: With the present diffusion of eastern methods of meditation in the Christian world and in ecclesial communities, we find ourselves faced with a pointed renewal of an attempt, which is not free from dangers and errors, to fuse Christian meditation with that which is non-Christian. Some use eastern methods solely as a psycho-physical preparation for a truly Christian contemplation; others go further and, using different techniques, try to generate spiritual experiences similar to those described in the writings of certain Catholic mystics.13 Still others do not hesitate to place that absolute without image or concepts, which is proper to Buddhist theory,14 on the same level as the majesty of God revealed in Christ, which towers above finite reality. To this end, they make use of a "negative theology," which transcends every affirmation seeking to express what God is and denies that the things of this world can offer traces of the infinity of God. Thus they propose abandoning not only meditation on the salvific works accomplished in history by the God of the Old and New Covenant, but also the very idea of the One and Triune God, who is Love, in favor of an immersion "in the indeterminate abyss of the divinity."

9. ഈ രേഖയുടെ അവസാനത്തിൽ Transcendental Meditation - ന്റെ ഉദാഹരണമെടുത്തുകൊണ്ട് ഹിന്ദുമതവുമായുള്ള ബന്ധത്തെക്കുറിച്ചു പറയുന്നത് യോഗയോടുള്ള സമീപനത്തിലും ബാധകമാണ്: “Many people are convinced that there is no harm in 'borrowing' from the wisdom of the East, but the example of Transcendental Meditation (TM) should make Christians cautious about the prospect of committing themselves unknowingly to another religion (in this case, Hinduism), despite what TM's promoters claim about its religious neutrality. There is no problem with learning how to meditate, but the object or content of the exercise clearly determines whether it relates to the God revealed by Jesus Christ, to some other revelation, or simply to the hidden depths of the self” (JCBWL, 6.2).

10. CBCI Commission for Dialogue and Ecumenism, *Guidelines for Inter-Religious Dialogue* (1989), nos. 36-38.

11. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ, *വിശ്വാസവും യുക്തിയും*, നമ്പർ 72.

12. കേരള കത്തോലിക്കാമെത്രാൻമാർ, *വിശ്വാസവും ധാർമികതയും,* പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, പാലാരിവട്ടം, കൊച്ചി, 2003, p. 43. These measures are based on *Redemptoris Missio*, 53 and *Ecclesia in Asia*, 22.

13. Pope Francis, Vatican Radio address, 2016 January 9.

14. Interview given on Feb. 23 about his homily with the Derry Journal.

15. ഇതിലെ ആശയങ്ങൾ ഭാഗികമായി വത്തിക്കാൻ 2004-ൽ പ്രസിദ്ധീകരിച്ച *Jesus Christ, the Bearer of the Water of Life* എന്ന രേഖയിൽനിന്നും എടുത്തതാണ്.

**കെ.സി.ബി.സി. ദൈവശാസ്ത്രകമ്മീഷൻ**

ബിഷപ് വർഗീസ് ചക്കാലക്കൽ, ചെയർമാൻ

ബിഷപ് അബ്രാഹം മാർ യൂലിയോസ്, വൈസ് ചെയർമാൻ

ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ, വൈസ് ചെയർമാൻ

റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളി, സെക്രട്ടറി